ഹദീസ്

നൗഷാദ് ചേനപ്പാടി

# ബിദ്അത്തുകാർക്കെതിരെ ജിഹാദ്

عَنْ عَبْدِ اللَّهِ بْنِ مَسْعُودٍ أَنَّ رَسُولَ اللَّهِ صلى الله عليه وسلم قَالَ : مَا مِنْ نَبِيٍّ بَعَثَهُ اللَّهُ فِى أُمَّةٍ قَبْلِى إِلاَّ كَانَ لَهُ مِنْ أُمَّتِهِ حَوَارِيُّونَ وَأَصْحَابٌ يَأْخُذُونَ بِسُنَّتِهِ وَيَقْتَدُونَ بِأَمْرِهِ ثُمَّ إِنَّهَا تَخْلُفُ مِنْ بَعْدِهِمْ خُلُوفٌ يَقُولُونَ مَا لاَ يَفْعَلُونَ وَيَفْعَلُونَ مَا لاَ يُؤْمَرُونَ فَمَنْ جَاهَدَهُمْ بِيَدِهِ فَهُوَ مُؤْمِنٌ وَمَنْ جَاهَدَهُمْ بِلِسَانِهِ فَهُوَ مُؤْمِنٌ وَمَنْ جَاهَدَهُمْ بِقَلْبِهِ فَهُوَ مُؤْمِنٌ وَلَيْسَ وَرَاءَ ذَلِكَ مِنَ الإِيمَانِ حَبَّةُ خَرْدَلٍ ( رواه مسلم )

**ഇബ്നു മസ്ഊദി(റ)ൽനിന്ന്: അല്ലാഹുവിന്റെ റസൂൽ (സ) പറഞ്ഞു: 'തീർച്ചയായും എനിക്കു മുമ്പ് ഓരോ സമുദായത്തിലേക്കും അല്ലാഹു നബിമാരെ നിയോഗിച്ചിട്ടുണ്ട്. നബിമാർ നിയോഗിക്കപ്പെടാത്ത ഒരു സമുദായവും കഴിഞ്ഞുപോയിട്ടില്ല. ഓരോ സമുദായത്തിലും ആ നബിമാർക്ക് സവിശേഷം തെരഞ്ഞെടുക്കപ്പെട്ട സഹായികളും സഹകാരികളുമുണ്ടായിരുന്നു. അവർ ആ നബിയുടെ ചര്യകളെ പൂർണമായും സ്വീകരിക്കുകയും അവരുടെ കൽപനകളെ യഥാവിധി പിൻപറ്റുകയും ചെയ്തിരുന്നു. പിന്നീട് ആ സമുദായങ്ങൾക്കുശേഷം മറ്റൊരു തലമുറ രംഗപ്രവേശം ചെയ്യുന്നു. അവരോ പറയുന്നത് പ്രവർത്തിക്കാത്തവരും തങ്ങൾ കൽപിക്കപ്പെടാത്തത് പ്രവർത്തിക്കുന്നവരുമാകുന്നു. ആ അവസരത്തിൽ ആർ അവരോട് കൈകൊണ്ട് ജിഹാദ് ചെയ്യുന്നുവോ അവൻ സത്യവിശ്വാസിയാണ്. ആർ അവരോട് തന്റെ നാവുകൊണ്ട് ജിഹാദ് ചെയ്യുന്നുവോ അവനും സത്യവിശ്വാസിയാണ്. അതിനും സാധിക്കാതെ ആർ ഹൃദയത്താൽ ജിഹാദ് ചെയ്യുന്നുവോ അവനും സത്യവിശ്വാസിയാണ്. അതുപോലും ചെയ്യാത്തവന്റെ ഹൃദയത്തിൽ തരിമ്പുപോലും ഈമാനില്ല' (മുസ്‌ലിം).**

നബിമാർ പ്രബോധനം ചെയ്തിരുന്ന ശരിയായ ദീനിനെ അലങ്കോലപ്പെടുത്തിയതും അവസാനം മറ്റൊരു ദീൻ തന്നെയായി അതിനെ മാറ്റിയതും അവരുടെ പിൽക്കാല അനുയായികളായിരുന്നു. നബിമാർ കൽപിക്കാത്തത് ഇക്കൂട്ടർ പ്രവർത്തിച്ചെന്നും ദീനിൽ സ്വന്തമായി പലതും കൂട്ടിച്ചേർത്തെന്നും നബി (സ) ഈ ഹദീസിൽ കൂടി അറിയിച്ചുതരുന്നു.

ഈസാ നബി(അ)ക്ക് ഹവാരികളുണ്ടായിരുന്നതുപോലെ നബി(സ)യുടെ സഹായികളും സഹകാരികളുമായിരുന്നു സ്വഹാബികൾ. അവിടുത്തെ സ്വന്തം ജീവനേക്കാളധികം നബിയെ സ്നേഹിക്കുകയും അവിടുത്തെ കൽപനകളെ പൂർണമായി അനുസരിക്കുകയും അവിടുന്ന് കൊണ്ടുവന്ന സന്ദേശത്തിന്റെ പ്രചാരണത്തിനായി ജീവിതം സമർപ്പിക്കുകയും ചെയ്ത, ചരിത്രത്തിൽ തുല്യതയില്ലാത്ത ഒരു തലമുറ. സയ്യിദ് ഖുത്ബിന്റെ ഭാഷയിൽ ഭൂമിയിൽകൂടി സഞ്ചരിക്കുന്ന വിശുദ്ധ ഖുർആന്റെ ജീവനുള്ള പ്രതികൾ. ഒരു സമൂഹമെന്ന നിലയിൽ അവർക്കുമുമ്പ് അതുപോലൊരു തലമുറ ഉണ്ടായിട്ടില്ല. അവർക്കു ശേഷം പതിനാലു നൂറ്റാണ്ടായിട്ട് അവരെപ്പോലൊരു സമൂഹം ഉണ്ടായിട്ടുമില്ല. ഇനിയൊട്ട് ഉണ്ടാവുകയുമില്ല. നബി(സ)യോട് സ്വഹാബിമാർക്ക് കേവലം വൈകാരികമായ പ്രേമവും പ്രണയവുമായിരുന്നില്ല. അഥവാ ഇന്നു കാണുന്നതുപോലുള്ള കരച്ചിലിലും പിഴിച്ചിലിലും ഒതുങ്ങുന്ന വൈകാരിക പ്രണയമായിരുന്നില്ല. അതിന് 'ഇശ്ഖ്' എന്നാണ് പറയുക. ചരിത്രത്തിൽ അത് സ്വൂഫികളുടെ വകയാണ്. സ്വഹാബത്തിന് നബിയോടുണ്ടായിരുന്നത്, അവിടുത്തെ വഴിക്കുവഴിയായി പിൻപറ്റാനും പൂർണമായി അനുസരിക്കാനും അവിടുത്തെ സന്ദേശത്തിന്റെ പ്രചാരണത്തിനുവേണ്ടി ആത്മാർപ്പണം നടത്താനും പ്രേരിപ്പിക്കുന്ന സ്നേഹമായിരുന്നു. അതിന് 'ഹുബ്ബ്' എന്നാണ് പറയുക. ആ സ്നേഹത്തിനു പിന്നിൽ ഒരു യുക്തിയുണ്ടായിരിക്കും.

നബി(സ)യോടുള്ള സ്വഹാബത്തിന്റെ അനുസരണം അനുപമമാണ്. ഒരിക്കല്‍ നബി (സ) മിമ്പറില്‍ നിന്ന് ഖുത്ബ നടത്തിക്കൊണ്ടിരിക്കുമ്പോഴാണ് ഇബ്നു മസ്ഊദ് (റ) പള്ളിയിലേക്ക് കയറുന്നത്; നിങ്ങളിരിക്കുവിന്‍ എന്ന് നബി (സ) പറയുന്നത് കേട്ടുകൊണ്ട്. അപ്പോള്‍ അദ്ദേഹം ഒരുകാല്‍ പള്ളിയിലേക്ക് എടുത്തുവെക്കുന്നതേ ഉണ്ടായിരുന്നുള്ളു. അത് കേട്ടപ്പോള്‍ അദ്ദേഹം വാതിലില്‍തന്നെ ഇരുന്നുകളഞ്ഞു. ഉള്ളിലേക്ക് കയറിയിട്ട് ഇരിക്കാമെന്നല്ല കരുതിയത്. അവരുടെ അനുസരണത്തിന്റെ സ്വഭാവമാണ് ഈ സംഭവത്തിലൂടെ നാം കാണുന്നത്. അതുപോലത്തന്നെയായിരുന്നു എല്ലാ സ്വഹാബിമാരും.

സ്വഹാബിമാര്‍ വഴിയാണ് ഇസ്ലാം നിലനിന്നതും പ്രചരിച്ചതും. അവരുടെ ജീവനും രക്തവും കൊടുത്തു നിലനിര്‍ത്തിയതും പ്രചരിപ്പിച്ചതുമായ ഈ ഇസ്ലാമിനെ അതിന്റെ ആദിമ വിശുദ്ധിയോടെയും തനിമയോടെയും ലാളിത്യത്തോടേയും നിലനിര്‍ത്തലും അതിനെ പ്രചരിപ്പിക്കലുമാണ് പില്‍ക്കാല തലമുറകളുടെ ബാധ്യത. അല്ലാതെ അതില്‍ ഇല്ലാത്തത് കൂട്ടിച്ചേര്‍ക്കലോ ഉള്ളത് ഇല്ലാതാക്കലോ അല്ല. അത് ഏതൊരു ഹറാമിനേക്കാളും കൊടും പാതകമാണ്. മാപ്പര്‍ഹിക്കാത്ത പാപം. അത് തന്റെ അടിമകള്‍ക്കുവേണ്ടി നിയമം നിര്‍മിക്കാനുള്ള അല്ലാഹുവിന്റെ പരമാധികാരത്തില്‍ കൈകടത്തലാണ്. അത് കൊണ്ടുവന്ന റസൂലിന്റെ മേല്‍ കളവും വഞ്ചനയും ആരോപിക്കലാണ്. കാരണം, അല്ലാഹു ഏല്‍പിച്ച ദൗത്യം ജനങ്ങള്‍ക്ക് റസൂല്‍ പൂര്‍ണമായി എത്തിച്ചു കൊടുത്തില്ല എന്നാണല്ലോ അതിനര്‍ഥം. നബി(സ)യുടെ കാലശേഷം അവിടുന്ന് കല്‍പിക്കാത്ത കാര്യങ്ങള്‍ ദീനായി അനുഷ്ഠിക്കുന്നവരോട് ജിഹാദ് ചെയ്യേണ്ടുന്ന അത്ര വലിയ പാപമായാണ് നബി (സ) ഈ ഹദീസില്‍ ബിദ്അത്തുകളെ വിശദീകരിച്ചിരിക്കുന്നത്. അതിന്റെ മൂന്നവസ്ഥയും അവിടുന്ന് വിശദീകരിക്കുന്നു. സാധ്യമെങ്കില്‍ അവരോട് കൈകൊണ്ട് ജിഹാദ് ചെയ്യണം. അഥവാ ബലപ്രയോഗം നടത്തണം. ഇല്ലെങ്കില്‍ നാവുകൊണ്ട് സമരം ചെയ്യണം. അഥവാ വാക്കാലും എഴുത്തിനാലും ആ ബിദ്അത്തകളെയും അതിന്റെ വൈതാളികന്മാരെയും നേരിടണം. അതിനും സാധിക്കാതെ വന്നാലാണ് മനസ്സുകൊണ്ട് വെറുക്കുകയെങ്കിലും ചെയ്യേണ്ടത്. അത് തീരെ ദുര്‍ബലരായ മുഅ്മിനുകള്‍ക്കുള്ളതാണ്. സാധ്യമായത് ചെയ്യാതെ നിസ്സംഗരായി കളികണ്ടു നില്‍ക്കുന്നവര്‍ക്ക് ഹൃദയത്തില്‍ തരിമ്പും ഈമാനില്ല എന്ന് അസന്ദിഗ്ധമായി നബി (സ) ഇവിടെ വ്യക്തമാക്കിയിരിക്കുന്നു. അതിനാല്‍ ഈ ദീനിനെ ഈ ലോകത്ത് ജനങ്ങള്‍ക്ക് മുമ്പില്‍ സംശുദ്ധമായ രീതിയില്‍ നിലനിര്‍ത്തണമെങ്കില്‍ ഈ ജിഹാദ് നിര്‍ബന്ധമാണ്; അത് ഒറ്റക്കായിരുന്നാലും. ●